**കേരള സർക്കാർ**
**ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ആഗസ്റ്റ് 12 തിങ്കൾ**
<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.**
<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## ജില്ലയിൽ ഇന്ന് (ആഗ. 13) മഞ്ഞ അലേർട്ട്

ആഗസ്റ്റ് 13, 14 തീയതികളിൽ തൃശൂർ ജില്ലയിൽ കേന്ദ്ര കാലാവസ്ഥ നിരീക്ഷണ കേന്ദ്രം മഞ്ഞ അലേർട്ട് പ്രഖ്യാപിച്ചു. ശക്തമായ മഴയാണ് മഞ്ഞ അലേർട്ട് നൽകുന്നതിലൂടെ പ്രവചിക്കപ്പെടുന്നത്. ആഗസ്റ്റ് 13ന് മധ്യ പടിഞ്ഞാറൻ, വടക്ക് ബംഗാൾ ഉൾക്കടലിൽ തെക്ക്/തെക്ക് പടിഞ്ഞാറൻ ദിശയിൽനിന്ന് മണിക്കൂറിൽ 45 മുതൽ 55 കിലോമീറ്റർ വരെ വേഗതയിൽ ശക്തമായ കാറ്റ് വീശാൻ സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്ന് കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം മുന്നറിയിപ്പ് നൽകി. ആഗസ്റ്റ് 14 മുതൽ 16 വരെ തെക്ക് പടിഞ്ഞാറ് ദിശയിൽ നിന്ന് മണിക്കൂറിൽ 45 മുതൽ 55 കിലോമീറ്റർ വരെ വേഗതയിൽ വടക്ക്, മധ്യ, തെക്ക് പടിഞ്ഞാറ് അറബിക്കടലിൽ ശക്തമായ കാറ്റ് വീശാനും സാധ്യതയുണ്ട്.

## വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി

ശക്തമായ കാലവർഷത്തെ തുടർന്ന് വെള്ളക്കെട്ട് നിലനിൽക്കുന്നതിനാലും റോഡ് ഗതാഗതം പലയിടത്തും തടസ്സപ്പെട്ടതിനായും പല സ്കൂളുകളിലും ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്നതിനാലും തൃശൂർ ജില്ലയിലെ അങ്കണവാടികൾ, പ്രൊഫഷണൽ കോളേജുകൾ, കേന്ദ്രീയ വിദ്യാലയങ്ങൾ, സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ സ്കൂളുകൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇന്ന് (ആഗസ്റ്റ് 13) ജില്ലാ കളക്ടർ അവധി പ്രഖ്യാപിച്ചു. അവധി മൂലം നഷ്ടപ്പെട്ട പഠനദിനം വിദ്യാഭ്യാസ ഉപഡയറക്ടർ/പ്രിൻസിപ്പൽ പിന്നീട് ക്രമീകരിക്കും.

## താണിശ്ശേരി ഹരിപുരം ബണ്ട് ബലപ്പെടുത്തുന്ന പ്രവൃത്തി ഊർജിതമാക്കണം: മന്ത്രി എ.സി മൊയ്തീൻ

കനത്ത മഴയെ തുടർന്നുള്ള ജലമൊഴുക്ക് മൂലം ബലക്ഷയം സംഭവിച്ച മുകുന്ദപുരം താണിശ്ശേരി ഹരിപുരം ബണ്ട് ബലപ്പെടുത്തുന്ന പ്രവൃത്തികൾ ഊർജ്ജിതമാക്കാൻ ജില്ലാ കലകടർക്ക് തദ്ദേശ സ്വയഭരണവകുപ്പ് മന്ത്രി എ സി മൊയ്തീൻ നിർദ്ദേശം നൽകി. ബണ്ട് ബലപ്പെടുത്തൽ പ്രവൃത്തികൾ സന്ദർശിച്ച ശേഷം കലക്ടറുമായി നടത്തിയ ചർച്ചയിലാണ് മന്ത്രിയുടെ നിർദ്ദേശം.

മഴക്കെടുതിയുടെ ഭാഗമായി ജില്ലയുടെ വിവിധ താലൂക്കുകളിൽ ഒരുക്കിയ ദുരിതാശ്വാസ ക്യാമ്പുകളും മന്ത്രി എ സി മൊയ്തീൻ സന്ദർശിച്ചു. കോർപറേഷൻ പരിധിയിലെ വില്ലടം, ചേരൂർ, ചെമ്പുക്കാവ്, പൂങ്കുന്നം, അയ്യന്തോൾ ക്യാംപുകൾ, മുകുന്ദപുരം താലൂക്കിലെ എടതിരിഞ്ഞി എച്ച്.ഡി.പി സമാജം സ്കൂളിലെ ക്യാമ്പ് എന്നിവയാണ് മന്ത്രി സന്ദർശിച്ചത്. അന്തേവാസികളിൽ നിന്നും വിവരങ്ങളാരാഞ്ഞ മന്ത്രി എസി മൊയ്തീൻ ക്യാമ്പ് നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങളും വിലയിരുത്തി. മുകുന്ദപുരം താലൂക്കിൽ പ്രൊഫ കെ യു അരുണൻ എം എൽ എ യും ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഉദയപ്രകാശ് എന്നിവരും ഉദ്യോഗസ്ഥരും മന്ത്രിയെ അനുഗമിച്ചു.

## ക്യാമ്പുകളിലേക്ക് സാധനങ്ങൾ എത്തി തുടങ്ങി; കളക്ഷൻ സെന്ററുകൾ സജീവം

ജില്ലയിൽ ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവർക്കായി അയ്യന്തോൾ സിവിൽ സ്റ്റേഷനിലെ ബാർ അസോസിയേഷൻ ഹാളിൽ സജ്ജമാക്കിയ കേന്ദ്രീകൃത കളക്ഷൻ സെന്റർ സജീവം. ക്യാമ്പുകളിലേക്ക് ആവശ്യമായ പുതപ്പ്, പായ, സാനിറ്ററി നാപ്കിൻസ്, വസ്ത്രങ്ങൾ, ക്ലീനിംഗ് കിറ്റുകൾ, മിനറൽ വാട്ടർ, ബിസ്കറ്റ്സ്, പലചരക്ക് സാധനങ്ങൾ, പായ്ക്കറ്റ് ഭക്ഷണ പഥാർത്ഥങ്ങൾ തുടങ്ങി എല്ലാ അവശ്യസാധനങ്ങളും ലഭ്യമായിക്കൊണ്ടിരിക്കുന്നു. കളക്ഷൻ സെന്ററിൽ ശേഖരിക്കപ്പെടുന്ന സാധനങ്ങൾ അതത് സ്ഥലങ്ങളിലെ വി.ഇ.ഒ/ തഹസിൽദാർമാരുടെ കത്ത് പ്രകാരം ക്യാമ്പുകളിലേക്ക് നൽകുന്നതാണ്.

**ഫോട്ടോ കാപ്ഷൻ: കളക്ടറേറ്റിൽ ബാർ അസോസിയേഷൻ ഹാളിലെ ദുരിതാശ്വാസ സാധന സംഭരണ കേന്ദ്രം**

## ജില്ലയിൽ 242 വീടുകൾ തകർന്നു; 43819 പേർ ദുരിതാശ്വാസ ക്യാമ്പിൽ

ജില്ലയിൽ കാലവർഷക്കാലത്ത് ഇതുവരെ ജില്ലയിൽ 242 വീടുകൾ തകർന്നു. 23 വീടുകൾ പൂർണമായും 219 വീടുകൾ ഭാഗികമായുമാണ് തകർന്നത്. ജില്ലയിലെ ഏഴ് താലൂക്കുകളിലും കാലവർഷക്കെടുതിയുണ്ടായി. 126 വില്ലേജുകളെ ബാധിച്ചു. നിലവിൽ 240 ദുരിതാശ്വാസ ക്യാമ്പുകളിലായി 13949 കുടുംബങ്ങളിലെ 43819 പേർ കഴിയുന്നു. മഴ കുറഞ്ഞതിനെ തുടർന്ന് 26 ക്യാമ്പുകൾ പിരിച്ചുവിട്ടു. തിങ്കളാഴ്ച പുലക്കാട്ടുകരയിൽ ഒരു ക്യാമ്പ് പുതുതായി തുറന്നു. 19268 പുരുഷൻമാരും 19332 സ്ത്രീകളും 6219 കുട്ടികളുമാണ് ക്യാമ്പിലുള്ളത്. പൊയ്യ പഞ്ചായത്തിലെ അഞ്ച് ദുരിതാശ്വാസ ക്യാമ്പുകളിൽ നാലെണ്ണവും പിരിച്ചുവിട്ടു. നിലവിൽ ഒരു ക്യാമ്പ് മാത്രമാണുള്ളത്. 66 പേർ ക്യാമ്പിൽ കഴിയുന്നു.

കനത്ത മഴയിലും കാറ്റിലും കൊടുങ്ങല്ലൂർ താലൂക്കിലെ 110 വീടുകൾ തകർന്നു. ഇതിൽ 89 വീടുകൾ ഭാഗികമായും 21 വീടുകൾ പൂർണമായും തകർന്നിട്ടുണ്ട്. ഏറ്റവും കൂടുതൽ വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചത് എറിയാട് പഞ്ചായത്തിലാണ്. 38 വീടുകൾ ഭാഗികമായും എട്ട് വീടുകൾ പൂർണമായും തകർന്നിട്ടുണ്ട്. മേത്തല, എസ്എൻപുരം, പടിഞ്ഞാറേ വെമ്പല്ലൂർ, പാപ്പിനിവട്ടം, പൊയ്യ എന്നിവിടങ്ങളിലാണ് ഏറ്റവും കുറവ് ശതമാനം രേഖപ്പെടുത്തിയത്. ഈ പ്രദേശങ്ങളിൽ ഒന്ന് വീതം വീടുകൾക്ക് മാത്രമാണ് ഭാഗികനാശം നേരിട്ടത്. ലോകമലേശ്വരം- 2, പുല്ലൂറ്റ്-2, പൊയ്യ-1, എടത്തിരുത്തി-10, എറിയാട്-38, അഴീക്കോട്-9, കൂളിമുട്ടം-4, പെരിഞ്ഞനം-10, കയ്പമംഗലം-5, എടതിരിഞ്ഞി-4 എന്നിങ്ങനെ വീടുകൾക്ക് ഭാഗികനാശം നേരിട്ടു. എടവിലങ്ങ്-7, അഴീക്കോട്-1,പടിഞ്ഞാറേ വെമ്പല്ലൂർ-1, കയ്പമംഗലം-2, എടതുരുത്തി-2 എന്നിവ പൂർണമായും തകർന്നു.

തലപ്പിള്ളി താലൂക്കിന് കീഴിൽ 16 വില്ലേജുകളിലായി 96 വീടുകൾ ഭാഗികമായും നാല് വീടുകൾ പൂർണമായും തകർന്നു. കൊണ്ടാഴി പഞ്ചായത്തിൽ രണ്ടു വീടുകൾ പൂർണമായി തകർന്നു. മുണ്ടത്തിക്കോടും തെക്കുംകരയിലും ഓരോ വീടാണ് പൂർണമായി തകർന്നത്. ചാവക്കാട് താലൂക്കിൽ ഒരു വീട് പൂർണമായും 51 വീടുകൾ ഭാഗികമായും തകർന്നു.

കുന്നംകുളം നഗരസഭ പ്രദേശത്ത് രണ്ടു വീടുകൾ പൂർണമായും ഒരു വീട് ഭാഗികമായും തകർന്നു. ചെമ്മണൂർ - 2 (ഒന്ന് ഭാഗികം), ആർത്താറ്റ് എന്നിവിടങ്ങളിലാണ് വീടുകൾ തകർന്നിട്ടുള്ളത്. കുന്നംകുളം താലൂക്കിൽ എരുമപ്പെട്ടി -2 , പഴഞ്ഞി -2, ആലത്തൂർ -2 വീടുകൾ ഭാഗികമായി തകർന്നിട്ടുണ്ട്.

നാട്ടിക പഞ്ചായത്തിൽ നാലും എങ്ങണ്ടിയൂരിൽ ഒന്നും വലപ്പാട് പന്ത്രണ്ടും വീടുകൾ പൂർണമായും ആറെണ്ണം ഭാഗികമായും തകർന്നു.

# പൊരിങ്ങൽക്കുത്തിൽ 36.71 ശതമാനം വെള്ളം മാത്രം

പൊരിങ്ങൽക്കുത്ത് ഡാമിൽ സംഭരണ ശേഷിയുടെ 36.71 ശതമാനം മാത്രം ജലം. ഡാമിൽനിന്ന് സ്ലൂയിസ് വാൽവിലൂടെ മാത്രമാണ് ചാലക്കുടി പുഴയിലേക്ക് വെള്ളം ഒഴുക്കി വിടുന്നത്. ക്രസ്റ്റ് ഗേറ്റുകളിലൂടെ വെള്ളം പുറത്തേകൊഴുകുന്നില്ല. ഡാമിലേക്കുള്ള നീരൊഴുക്ക് 238.92 ക്യുമെക്സും പുറത്തേക്കൊഴുകുന്നത് 311.86 ക്യുമെക്സുമാണ്. ജലനിരപ്പ് 415.40 മീറ്റർ. തമിഴ്നാട് ഷോളയാർ ഡാമിൽനിന്ന് അധികജലം തമിഴ്നാടിന്റെ പറമ്പിക്കുളം ഡാമിലേക്ക് ഒഴുക്കുകയാണ്. അതേസമയം, കേരള ഷോളയാർ ഡാമിൽ സംഭരണ ശേഷിയുടെ 51.38 ശതമാനം വെള്ളം മാത്രമാണുള്ളത്. 2630 അടിയാണ് ഇപ്പോഴത്തെ ജലനിരപ്പ്.

വാഴാനി ഡാമിന്റെ സ്പിൽവേ ഷട്ടറുകളെല്ലാം അടച്ചിരിക്കുന്നു. സംഭരണ ശേഷിയുടെ 69.97 ശതമാനം മാത്രം ജലമാണ് വാഴാനിയിലുള്ളത്. നിലവിലെ ജലനിരപ്പ് 57.65 മീറ്ററാണ്. പരമാവധി ജലനിരപ്പ് 62.48 മീറ്ററാണ്. നിലവിൽ 12.68 മില്ല്യൺ മീറ്റർ ക്യൂബ് ജലമാണ് വാഴാനിയിൽ സംഭരിച്ചരിക്കുന്നത്. പരമാവധി സംഭരണ ശേഷി 18.121 മില്ല്യൺ മീറ്റർ ക്യൂബ്. ചിമ്മിണി ഡാമിൽ 56.35 ശതമാനമാണ് ജലനിരപ്പ്. ഡാമിൽനിന്ന് വെള്ളം പുറത്തേക്ക് വിടുന്നില്ല. നിലവിലെ ജലനിരപ്പ് 66.65 മീറ്ററും പരമാവധി ജലനിരപ്പ് 76.40 മീറ്ററുമാണ്.

പത്താഴക്കുണ്ട് ഡാമിൽ 11 മീറ്ററും പൂമലയിൽ 27.7 അടിയും അസുരൻകുണ്ട് ഡാമിൽ 8.85 മീറ്ററുമാണ് ജലനിരപ്പ്. പീച്ചി ഡാമിൽനിന്ന് കുടിവെള്ളത്തിനായി വാട്ടർ അതോറിറ്റിക്ക് വേണ്ടി നൽകുന്നതല്ലാതെ വേറെ വെള്ളം പുറത്തേക്ക് വിടുന്നില്ല. പീച്ചി ഡാമിലെ ജലനിരപ്പ് 76.52 മീറ്ററാണ്. പരമാവധി ജലനിരപ്പ് 79.25 മീറ്റർ.

# രണ്ടു ദിവസത്തെ കൃഷിനാശം 7.29 കോടി

കാലവർഷം ശക്തമായ ആഗസ്റ്റ് 10, 11 തീയതികളിലായി ജില്ലയിൽ 7.29 കോടി രൂപയുടെ കൃഷി നശിച്ചു. 900 കർഷകർക്കാണ് കൃഷിനാശം നേരിട്ടത്. 213.50 ഹെക്ടറിലാണ് കൃഷിനാശം. ഇതിന് 1.26 കോടി രൂപയുടെ സഹായം നൽകണമെന്നാണ് കണക്കാക്കിയത്. അതേസമയം, ജൂൺ ആറ് മുതൽ ആഗസ്റ്റ് 11 വരെ 204.16 കോടി രൂപയുടെ കൃഷി നശിച്ചിട്ടുണ്ട്. 10490 കർഷകരുടെ 2649.14 ഹെക്ടറിലെ കൃഷി നശിച്ചു. കൃഷിനാശത്തിന് സഹായമായി 31.80 കോടി രൂപ നൽകണമെന്ന് കണക്കാക്കുന്നു.

രണ്ടു ദിവസത്തിനിടെ മാത്രം 150 ഹെക്ടറിൽ 13.50 ലക്ഷത്തിന്റെ നെൽകൃഷിയും 35 ഹെക്ടറിൽ 5.75 കോടിയുടെ വാഴകൃഷിയും നശിച്ചു. 12 ഹെക്ടറിലെ 4.8 ലക്ഷത്തിന്റെ പച്ചക്കറി കൃഷിയും എട്ട് ഹെക്ടറിൽ 1.08 കോടിയുടെ കമുക് കൃഷിയും രണ്ട് ഹെക്ടറിൽ മരച്ചീനി കൃഷിയും 0.5 ഹെക്ടറിൽ തെങ്ങും മഴയിൽ നാശം നേരിട്ടു. വാഴ കൃഷിക്ക് 84.375 ലക്ഷത്തിന്റെയും നെൽകൃഷിക്ക് 20.25 ലക്ഷത്തിന്റെയുമാണ് ധനസഹായത്തിന് അർഹത.

ജൂൺ ആറ് മുതലുള്ള കണക്ക് പ്രകാരം ഇതുവരെ 977 ഹെക്ടറിൽ 3.4195 കോടിയുടെ നെൽകൃഷിയാണ് നശിച്ചത്. 1.31895 കോടിയുടെ സഹായം ലഭിക്കും. 655.82 ഹെക്ടറിൽ 100.10 കോടിയുടെ വാഴകൃഷിയാണ് ഇതുവരെ നശിച്ചത്. 15.17 കോടി സഹായം വാഴ കൃഷിക്ക് ലഭിക്കും.

പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ പ്രാഥമിക കണക്കനുസരിച്ച് 1.5 കോടി രൂപയുടെ കൃഷിനാശം ഉണ്ടായതായി പ്രാഥമിക വിലയിരുത്തൽ. തിരുവില്വാമല, പഴയന്നൂർ, കൊണ്ടാഴി,ചേലക്കര,പാഞ്ഞാൾ, വള്ളത്തോൾ നഗർ എന്നീ ആറ് പഞ്ചായത്തുകളിലായി 350 ഹെക്ടർ പ്രദേശത്തെ നെൽകൃഷിയാണ് നശിച്ചത്. 120 ഹെക്ടർ പ്രദേശത്തെ പച്ചക്കറി കൃഷിക്കും നാശമമുണ്ടായി. ഓണവിപണി ലക്ഷ്യമാക്കിയ 60,000 കുലച്ച നേന്ത്രവാഴകളും പൂർണമായി നശിച്ചു. പതിനായിരത്തിൽപ്പരം കുലയ്ക്കാത്ത നേന്ത്രവാഴകൾ വേറെയും നശിച്ചു. 120 തെങ്ങുകളും നശിച്ചവയിൽ ഉൾപ്പെടും. പഴന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി തങ്കമ്മ,

വൈസ് പ്രസിഡന്റ് എം പത്മകുമാർ, കൃഷി അസി ഡയറക്ടർ ഇൻ ചാർജ് കെ എ അജി എന്നിവർ വിവിധ സ്ഥലങ്ങൾ സന്ദർശിച്ച് നാശനഷ്ടം വിലയിരുത്തി.

മാള ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ കാർഷിക മേഖലയിൽ 8.42 കോടിയുടെ നഷ്ടം.കുഴൂർ പഞ്ചായത്തിലാണ് മഴക്കെടുതിയിൽ ഏറ്റവും കൂടുതൽ നഷ്ടം സംഭവിച്ചിരിക്കുന്നത്. 5.11കോടി രൂപയുടെ നഷ്ടം കണക്കാക്കുന്നു. ഒന്നര ലക്ഷം രൂപയുടെ വാഴ കൃഷി നശിച്ചു. 3 ലക്ഷം രൂപയുടെ പച്ചക്കറി കൃഷി വെള്ളം കയറി നശിച്ചു. 70 ഹെക്ടറിലെ മരച്ചീനി കൃഷി നശിച്ചു. മാള പഞ്ചായത്തിൽ വാഴ കൃഷി ഇനത്തിൽ മാത്രമായി 1.06 കോടി രൂപയുടെ കൃഷിനാശം കണക്കാക്കുന്നു.

പ്രാഥമിക കണക്കെടുപ്പിൽ പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ തിരുവില്വാമല, പഴയന്നൂർ, കൊണ്ടായി, ചേലക്കര, പാഞ്ഞാൾ, വള്ളത്തോൾ നഗർ എന്നിവിടങ്ങളിൽ 1.5 കോടി രൂപയുടെ കൃഷിനാശവും വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ ദേശമംഗലം, വരവൂർ, തെക്കുംകര, മുള്ളൂർക്കര, മുണ്ടത്തിക്കോട്, എരുമപ്പെട്ടി എന്നിവിടങ്ങളിലായി 1.16 കോടി രൂപയുടെ കൃഷിനാശവും കണക്കാക്കി. കുന്നംകുളം താലൂക്കിൽ ഇതേ വരെ 60 ലക്ഷം രൂപയുടെ കൃഷി നാശമാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്

## കൊടുങ്ങല്ലൂരിൽ മൂന്ന് കോടി രൂപയുടെ കൃഷിനാശം

കൊടുങ്ങല്ലൂരിൽ കനത്ത മഴയിലും വെള്ളപ്പൊക്കത്തിലും നഗരസഭ-വെള്ളാങ്ങല്ലൂർ, മതിലകം ബ്ലോക്ക് പഞ്ചായത്തുകളിലായി മൂന്ന് കോടി രൂപയുടെ വ്യാപക കൃഷിനാശം. ഏറ്റവും കൂടുതൽ നാശനഷ്ടം മതിലകം ബ്ലോക്ക് പഞ്ചായത്തിലാണ്. 2,27,24,750 രൂപയുടെ നാശനഷ്ടം. നഗരസഭയുടെ കീഴിൽ 26,49,300 രൂപ, വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്തിൽ 48,73,000 രൂപ എന്നിങ്ങനെ ആകെ 3.02 കോടി രൂപയുടെ നാശനഷ്ടമാണ് ഉണ്ടായിട്ടുള്ളത്.

കൊടുങ്ങല്ലൂർ നഗരസഭയിൽ മേത്തല, ലോകമലേശ്വരം, പുല്ലൂറ്റ് എന്നിവിടങ്ങളിലെ നൂറോളം കർഷകരുടെ കാർഷികവിളകളും കൃഷിയിടവും വെള്ളത്തിനടിയിലായി. വിളകൾ ഒലിച്ചു പോയി.നെല്ല്, തെങ്ങ്, വാഴ, അടയ്ക്ക, ജാതിയ്ക്ക, കശുവണ്ടി,കുരുമുളക്, മഞ്ഞൾ, ഇഞ്ചി, കപ്പ,വിവിധ പച്ചക്കറി കൃഷികൾ പൂർണമായും നശിച്ചു. നെൽപ്പാടങ്ങൾ വെള്ളം കയറിയ അവസ്ഥയിലാണ്. മഴ ഏറ്റവുമധികം ബാധിച്ചത് വാഴ കൃഷിയെയാണ്. ഈ പ്രദേശങ്ങളിലെ 29155 വാഴകൾ നശിച്ചു. തെങ്ങ്-2231, അടയ്ക്ക-3096, ജാതി-1552, കുരുമുളക്-4700, കശുവണ്ടി-134 എന്നിവയാണ് മറ്റ് വിളകൾ. കൃഷിനാശം നേരിട്ട കർഷകരുടെ ലിസ്റ്റ് താഴെ കൊടുക്കുന്നു. മേത്തല-37, ലോകമലേശ്വരം-51, പുല്ലൂറ്റ്-58, പടിയൂർ-40, പൂമംഗലം-30, പുത്തൻചിറ-50, വെള്ളാങ്ങല്ലൂർ-50, വേളൂക്കര-50.

## ദുരിതാശ്വാസ ക്യാമ്പുകളിൽ ജയിൽ വകുപ്പിന്റെ കൈത്താങ്ങ്

ദുരിതാശ്വാസ ക്യാമ്പുകളിലായി ഭക്ഷണ വിതരണത്തിന് ജയിൽ വകുപ്പിന്റെ കൈത്താങ്ങ്. ആയിരത്തോളം പേർക്ക് അഞ്ചു വീതം ചപ്പാത്തിയും വെജിറ്റബിൾ കറിയും ഉൾപ്പെടുന്ന ഭക്ഷണ പൊതികൾ വിയ്യൂർ ജയിൽ ഫ്രീഡം ഫുഡ് ഫാക്ടറിയിൽ നിന്നും വിതരണം ചെയ്തു.

ആവശ്യമുള്ളത്ര ചപ്പാത്തിയും വെജിറ്റബിൾ കറിയും രണ്ടു മണിക്കൂർ കൊണ്ട് തയ്യാറാക്കാനും കഴിയുന്നതും വേഗം ക്യാമ്പുകളിൽ എത്തിക്കുവാനും ജയിൽ വകുപ്പ് ശ്രമിക്കുന്നു. വില്ലടം ഗവ സ്കൂളിൽ 350 പേർക്കും മണലാറുകാവ് ഗവ സ്കൂളിൽ 50 പേർക്കും നെല്ലങ്കര സുറിയാനി ചർച്ചിലെ ക്യാമ്പിലേക്ക് 230 പേർക്കും പാട്ടുരായ്ക്കൽ ദേവമാതാ സ്കൂളിൽ 250 പേർക്കും ചാവക്കാട് മുൻസിപ്പാലിറ്റിയുടെ ആവശ്യപ്രകാരം 300 പേർക്കും കോലഴി പഞ്ചായത്തിന്റെ ആവശ്യ പ്രകാരം 230 പേർക്കുമാണ് ചപ്പാത്തിയും വെജ് കുറുമയും അടങ്ങുന്ന കിറ്റ് എത്തിച്ചത്. രാവിലെയും വൈകിട്ടുമാണ് ഭക്ഷണം എത്തിക്കുന്നത്. ഓർഡർ അനുസരിച്ചാണ് ആഹാരം പാകം ചെയ്ത് എത്തിക്കുന്നത്. അവധി ദിവസങ്ങൾ പോലും മറന്നാണ് ജയിൽ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ 20 തടവുകാർ ക്യാമ്പുകളിലേക്ക് ഭക്ഷണം തയ്യാറാക്കുന്നത്. വരും ദിവസങ്ങളിലും ഇത് ലഭ്യമാകുമെന്ന് ജയിൽ അധികൃതർ അറിയിച്ചു.

*ഫോട്ടോ കാപ്ഷൻ: 1. വിയ്യൂർ സെൻട്രൽ ജയിലിൽനിന്ന് ചപ്പാത്തിയും കറിയും ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് കൊണ്ടുപോവാൻ കയറ്റുന്നു*

*2,3,4: വിയ്യൂർ സെൻട്രൽ ജയിലിൽ തടവുകാർ ചപ്പാത്തി തയ്യാറാക്കുന്നു*

# ക്ഷീരവികസന വകുപ്പ് 15 ലക്ഷം രൂപ അടിയന്തിര ധനസഹായം അനുവദിച്ചു

ജില്ലയിൽ പ്രളയക്കെടുതി നേരിട്ടു കൊണ്ടിരിക്കുന്ന ക്ഷീരകർഷകർക്ക് ക്ഷീര വികസന വകുപ്പ് അടിയന്തിര ധനസഹായമായി 15 ലക്ഷം രൂപ അനുവദിച്ചു. പ്രളയബാധിത പ്രദേശങ്ങളിൽ നിന്ന് ഉരുക്കളെ ക്യാമ്പുകളിലേക്ക് മാറ്റുന്നതിനുള്ള കടത്തുകൂലി, ക്ഷീരകർഷക സംഘങ്ങളിൽ നിന്ന് മിൽമയിലേക്ക് പാൽ എത്തിക്കുന്നതിനുള്ള കടത്തുകൂലി, ക്ഷീരസംഘങ്ങൾ മുഖേനയുള്ള വയ്ക്കോൽ/പച്ചപ്പുല്ല് വിതരണം, കാലിത്തീറ്റ വിതരണം, സമ്പുഷ്ടീകരിച്ച വൈക്കോൽക്കട്ട വിതരണം എന്നിവയ്ക്കായാണ് അടിയന്തിര ധനസഹായം അനുവദിച്ചിരിക്കുന്നത്. ഇതു കൂടാതെ 22,500 കിലോഗ്രാം കാലിത്തീറ്റയും, 6,000 കിലോഗ്രാം പച്ചപ്പുല്ലും കഴിഞ്ഞ രണ്ടു ദിവസങ്ങളിലായി വിതരണം ചെയ്തിട്ടുണ്ട്. 36,000 കിലോഗ്രാം പച്ചപ്പുല്ല് കൂടി ഉടനെ തന്നെ വിതരണം ചെയ്യുമെന്ന് ക്ഷീരവികസന വകുപ്പ് ഉപഡയറക്ടർ അറിയിച്ചു.

# ഷീപാഡ് പദ്ധതി: യോഗം മാറ്റി

ജില്ലാപഞ്ചായത്ത് ഷീപാഡ് പദ്ധതിയുടെ ഭാഗമായി ജില്ലയിലെ ഹൈസ്കൂൾ - ഹയർ സെക്കന്ററി സ്കൂൾ പ്രധാനാധ്യാപകർക്കായി ഇന്ന് (13.08.2019) ജില്ലാ ആസൂത്രണ ഭവൻ ഹാളിൽ നടത്താൻ നിശ്ചയിച്ചിരുന്ന യോഗം മഴക്കെടുതി സാഹചര്യത്തെ തുടർന്ന് മാറ്റി.

# ആർഎസ് ബിവൈ കാർഡ് പുതുക്കൽ നീട്ടി

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ആർഎസ് ബിവൈ കാർഡ് പുതുക്കുന്നതിനുള്ള തീയതി ആഗസ്റ്റ് 20 വരെ നീട്ടി. കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രിയിൽ ഇതിനായി പ്രത്യേകം കൗണ്ടർ ആരംഭിച്ചിട്ടുണ്ട്. 2013 ന് ശേഷം പുതുക്കാത്തവർക്കുവേണ്ടിയാണ് ഇപ്പോൾ അവസരം നൽകുന്നത്. ഒരു കുടുംബത്തിന് 5 ലക്ഷം രൂപ വരെ വരെ ചികിത്സാസഹായമായി ആശുപത്രിയിലേക്ക് നൽകുന്ന സർക്കാർ പദ്ധതിയാണിത്. ആർഎസ് ബിവൈ കാർഡ് നഷ്ടപ്പെട്ടവർക്കും പ്രത്യേകം അവസരം നൽകും. അപേക്ഷകർ റേഷൻ കാർഡ്, ആധാർകാർഡ് എന്നിവ കൊണ്ടുവരണം. കൂടുതൽ വിവരങ്ങൾക്ക് ജില്ലാ കോ ഓഡിനേറ്റർ ഹരി: 7736221647 എന്ന നമ്പറിൽ ബന്ധപ്പെടുക.

# അവസാനിച്ചു